**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും WEC 1/9752/21 dt.16/07/2021 എന്ന സർക്കുലർ പ്രകാരം ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് പ്രസ്തുത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഗാർഹിക/സ്ത്രീപീഡനം നേരിടുന്ന സ്ത്രീകളെ അവ ചെറുക്കുന്നതിനായി ശാക്തീകരിക്കുക, ബോധവത്കരണ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും സംഘടിപ്പിക്കുന്ന എന്നീ ഉദ്ദേശത്തോടെ 'കനൽ' എന്ന കർമ്മ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പരിപാടികൾ നടന്നു വരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ |

മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കുകയും പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വവും, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു. ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിക്കുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം - ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക ലൈംഗിക സ്ത്രീധന പീഡനങ്ങളുമായി ബന്ധപ്പെട്ടുള്ള സ്ത്രീകളുടെ നിയമ പരിരക്ഷയെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനായി പീഡനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി പ്രസ്തുത അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, വേണ്ട സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ ആയവയ്ക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പ് വരുത്തുകയും, വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിയ്ക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുവാനും, ഡൗറി പ്രൊഹിബിൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District Legal Service Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും, സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കുവാനും സഹായം ആവശ്യമുള്ളവർക്ക് സമയബന്ധിതമായി സഹായം/ സേവനം നൽകാൻ നടപടി സ്വീകരിക്കുവാനും വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധനം എന്ന സാമൂഹ്യ

| | | | |
|---|---|---|---|
| | | | തിന്മക്കെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അച്ചടി, ദൃശ്യ, ശ്രവ്യ ഓൺലൈൻ സോഷ്യൽ മാധ്യമങ്ങളായ പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ വനിതാ കമ്മിഷൻ പ്രചാരണം നടത്തി വരുന്നു. എൻഡ് ഡൗറി, സകുടുംബം സ്ത്രീധനത്തിനെതിരെ എന്നീ രണ്ട് ക്യാംപെയ്നുകളും കമ്മീഷൻ നടത്തുന്നു. സോഷ്യൽ മീഡയയിലൂടെ ഓൺലൈനായി സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി കമ്മിഷൻ അദാലത്തുകളിൽ പങ്കെടുക്കാനെത്തുന്നവർക്കും മറ്റു പൊതുജനങ്ങൾക്കും വിതരണം ചെയ്തുവരുന്നു. വനിതാ കമ്മിഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ് കലാലയ ജ്യോതി എന്നിവ വഴിയും, സ്ത്രീധനത്തിനെതിരെയും, സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസ്സുകൾ ഓൺലൈനായടക്കം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ